സ്ഥാപിച്ച് ഗുരുവായൂർ മുനിസിപ്പാലിറ്റി അധികൃതരുടെ അനുമതിയോടുകൂടി പാവറട്ടി പഞ്ചായത്തിലേക്ക് വെള്ളം എത്തിക്കുന്നതിന് ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) 19-6-2014-ലെ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുവെങ്കിലും ജലലഭ്യത കുറവായതിനാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

രാമപുരം പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ്

149 (4435) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ വയലപ്രയിൽ രാമപുരം പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി 132 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

താനൂർ തീരപ്രദേശത്തെ കടലാക്രമണം കാരണം വൻനഷ്ടങ്ങൾ

150 (4436) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തീരപ്രദേശത്തെ പണ്ടാരകടപ്പുറം, എടക്കടപ്പുറം, ഒസ്സാൻ കടപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണം കാരണം കര നഷ്ടപ്പെട്ട് വൻ നാശനഷ്ടങ്ങൾ സംഭവിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ അടിയന്തരമായി കടൽഭിത്തി നിർമ്മിക്കാൻ നടപടിയുണ്ടാകുമോ;

(സി) പണ്ടാര കടപ്പുറം, എടക്കടപ്പുറം, ഒസ്സാൻപ്പുറം, ചാച്ചപ്പടി, ഒട്ടുമ്പുറം, ചീരാൻ കടപ്പുറം, പുതിയ കടപ്പുറം എന്നിവിടങ്ങളിലെ കടൽ ഭിത്തികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പണ്ടാര കടപ്പുറത്തും ഒസ്സാൻ കടപ്പുറത്തും കടൽഭിത്തി നിർമ്മിക്കാൻ നടപടി എടുത്തുവരുന്നു.

(സി) പണ്ടാര കടപ്പുറത്ത് 207 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുവാനും പുനരുദ്ധാരണത്തിനും ഉടമ്പടി വച്ചിട്ടുണ്ട്. പണ്ടാര കടപ്പുറത്ത് 415 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഒസ്സാൻ കടപ്പുറത്ത് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിക്ക് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. കൂടാതെ ഫിഷിംഗ് ഗ്യാപ് അടയ്ക്കുവാനുള്ള ഒരു പ്രവൃത്തിയുടെ ഉടമ്പടി വച്ചിട്ടുണ്ട്. ചീരാൽ കടപ്പുറത്ത് കടൽഭിത്തിയുടെ 3 അറ്റകുറ്റ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായതിനാൽ പ്രവൃത്തികൾ ഉടൻ ആരംഭിക്കാവുന്നതാണ്.

അങ്കമാലി നിയോജകമണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

151 (4437) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ ചെറുകിട ജലസേചന പദ്ധതികൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly